**എഴുത്തുകാരൻ നിർഭയതയോടെ സമൂഹത്തിൽ ഇടപെടണം**

**ബേബിജോൺ**

പതിറ്റാണ്ടുകളായി കേരളസംസ്കാരത്തേയും ജനജീവിതത്തേയും മുന്നോട്ടുനയിക്കാൻ എഴുത്തുകാരുടെ കൃതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ബേബിജോൺ പറഞ്ഞു. സാഹിത്യ അക്കാദമിയുടെ വാർഷികത്തിന്റെ സമാപനസമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രതിലോമശക്തികളുടെ ആധിപത്യത്തിൽനിന്ന് സമൂഹത്തെ മോചിപ്പിക്കേണ്ട ദൗത്യം ഏറ്റെടുക്കുന്നതിൽ മുൻപന്തിയിൽനിന്നവർ എഴുത്തുകാരാണ്. ഭാഷ സമൂഹത്തിന്റെ സർഗ്ഗാത്മകവികാസത്തിനുള്ള സമരായുധമാണ്. എഴുത്തിന്റെയും വായനയുടെയും വിമോചനദൗത്യം ഇന്ന് എവിടെച്ചെന്നെത്തിനിൽക്കുന്നതെന്ന് പുനഃപരിശോധിക്കേണ്ട കാലമാണ്. എഴുത്തുകാരൻ സമൂഹത്തിൽ നിർഭയതയോടെ ഇടപെടേണ്ടതുണ്ട്. ഭാഷയുടെ സമരോത്സുകപാരമ്പര്യം വീണ്ടെടുക്കുന്നതിനും ആധുനികപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും സാഹിത്യകാരൻ തയ്യാറാവേണ്ട ആവശ്യകതയുണ്ട്.

സാംസ്കാരികരംരത്ത് കേരള സർക്കാർ ഗൗരവമായി ഇടപെടുന്നു എന്നതിന്റെ പ്രത്യക്ഷത്തെളിവാണ് ഈ ബജറ്റിലും മുൻ ബജറ്റുകളിലും അക്കാദമികളുടെ പ്രവർത്തനത്തിനുംവേണ്ടി നീക്കിവെച്ച തുക സൂചിപ്പിക്കുന്നത്. പ്രതിജ്ഞാബദ്ധതയോടെ സാംസ്കാരികരംഗത്ത് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ജനകീയാംഗീകാരം നേടിയെടുത്തിട്ടുണ്ട്. ഈ ജാഗ്രതയെ മുന്നോട്ടുകൊണ്ടുപോകാൻ എഴുത്തുകാർ സന്നദ്ധരാകണം-ബേബിജോൺ കൂട്ടിച്ചേർത്തു.

പുരുഷൻ കടലുണ്ടി

സെക്രട്ടറി